Intellect Thought Submission
MSM
mujahid students movement
KERALA

ENLIGHTENING GENERATIONS
CRE
CONTINUING RELIGIOUS EDUCATION
MUJAHID STUDENTS MOVEMENT

# CRE 2025-26

## SESSION 03

## Segment 1

# സൂറത്തുൽ ഇഖ്‌ലാസ്

Surah Al-Ikhlas | Chapter 112 | Qari Nishad Ahmed | QuranVerse

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

قُلْ هُوَ ٱللَّهُ أَحَدٌ (١)

**(നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു.**

قل പറയുക هُوَ അതു (കാര്യം), അവൻ اللَّهُ അല്ലാഹു, അല്ലാഹുവാണ് أَحَدٌ ഒരുവനാണ്, ഏകനാണ്

اللَّهُ الصَّمَدُ ﴿٢﴾

**അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു.**

اللَّهُ അല്ലാഹു الصَّمَدُ (സർവ്വരാലും ആശ്രയിക്കപ്പെടുന്ന - ആരുടെയും ആശ്രയം വേണ്ടാത്ത – സർവാവലംബനായ) യജമാനനത്രെ, യോഗ്യനാണ്, സർവാശ്രയനാണ്.

لَمْ يَلِدْ وَلَمْ يُولَدْ ﴿٣﴾

**അവൻ (ആർക്കും) ജൻമം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല.**

لَمْ يَلِدْ അവൻ ജനിപ്പിച്ചിട്ടില്ല, അവന്നു ജനിച്ചിട്ടില്ല وَلَمْ يُولَدْ അവൻ ജനിപ്പിക്കപ്പെട്ടിട്ടുമില്ല, അവൻ ജനിച്ചിട്ടുമില്ല.

وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ ﴿٤﴾

**അവന്ന് തുല്യനായി ആരും ഇല്ലതാനും.**

وَلَمْ يَكُن لَّهُ അവന്നില്ലതാനും كُفُوًا തുല്യനായിട്ട്, കിടയായി أَحَدٌ ഒരാളും (ഒന്നും)

## തജ്‌വീദ്

**തൊണ്ടയിൽ നിന്ന് പുറപ്പെടുന്ന അക്ഷരങ്ങൾ** **: حُرُوفُ الحَلْق**

ء , ه , ع , ح , غ , خ

**എന്നീ ആറ് അക്ഷരങ്ങൾ തൊണ്ടയിൽ നിന്ന് പുറപ്പെടുന്നവയാണ്. ഈ അക്ഷരങ്ങളെ حُرُوفُ الحَلْق എന്ന് വിളിക്കുന്നു.**

غ , خ **എന്നിവ തൊണ്ടയുടെ ഏറ്റവും മുകളിൽ നിന്നും,**

ع , ح **എന്നിവ മധ്യഭാഗത്തു നിന്നും,**

ء , ه **എന്നിവ തൊണ്ടയുടെ ഏറ്റവും താഴെ നിന്നും ഉച്ചരിക്കുന്നു.**

قُلْ هُوَ ٱللَّهُ أَحَدٌ

**ഈ ആയത്തിൽ ഇതിലെ മൂന്ന് അക്ഷരങ്ങളായ ح, ه, ء വന്നിട്ടുണ്ട്..**

മറ്റു ഉദാഹരണങ്ങൾ:

1) وَٱللَّهُ عَلِيمٌ حَكِيمٌ

2) فَمَهِّلِ ٱلْكَٰفِرِينَ أَمْهِلْهُمْ رُوَيْدًا

**Segment 2**

**Camproot**
a moral compass...

**മനുഷ്യ വംശത്തിന്റെ ചരിത്രം**

# ആദ്യ മനുഷ്യന്റെ സൃഷ്ടിപ്പ്

Objectives

1. മനുഷ്യ വംശത്തിന്റെ ചരിത്രം ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ മനസ്സിലാക്കുക.
2. മനുഷ്യ സൃഷ്ടിപ്പിന്റെ ആരംഭം ഖുർആനിക വചനങ്ങളിലൂടെ പഠിക്കുക.
3. ആദമിന്റെയും ഹവ്വയുടെയും സ്വർഗീയ ജീവിതത്തിലെ പാഠങ്ങൾ ഉൾക്കൊള്ളുക

## I. മനുഷ്യനെ സൃഷ്ടിക്കാൻ അല്ലാഹു ഉദ്ദേശിക്കുന്നു:-

وَإِذْ قَالَ رَبُّكَ لِلْمَلَائِكَةِ إِنِّي جَاعِلٌ فِي الْأَرْضِ خَلِيفَةً قَالُوا أَتَجْعَلُ فِيهَا مَن يُفْسِدُ فِيهَا وَيَسْفِكُ
الدِّمَاءَ وَنَحْنُ نُسَبِّحُ بِحَمْدِكَ وَنُقَدِّسُ لَكَ قَالَ إِنِّي أَعْلَمُ مَا لَا تَعْلَمُونَ **(2:30)**

**മനുഷ്യനെ സൃഷ്ടിക്കാൻ പോകുന്നു എന്ന് അല്ലാഹു തീരുമാനിച്ചപ്പോൾ ആ തീരുമാനം അല്ലാഹു മലക്കുകളെ അറിയിക്കുന്നു.**

**മനുഷ്യനെ സൂചിപ്പിക്കാൻ അല്ലാഹു ഉപയോഗിച്ച പദം "خَلِيفَة" എന്നതാണ്.**

**'ഖലീഫഃ' എന്ന വാക്കിന് മലയാളത്തിൽ 'പിൻഗാമി, അനന്തരഗാമി, പ്രതിനിധി' എന്നൊക്കെ അർഥം നൽകാം.**

إِنِّي جَاعِلٌ فِي الْأَرْضِ خَلِيفَةً (ഞാൻ ഭൂമിയിൽ ഒരു ഖലീഫഃയെ ഏർപ്പെടുത്തുന്നു) എന്ന വാക്യത്തിന് ഒന്നിലധികം വ്യാഖ്യാനങ്ങൾ നിലവിലുണ്ട്.

*അവയിൽ ഇന്നതു മാത്രം ശരിയും, മറ്റെല്ലാം തെറ്റുമാണെന്ന് ഖണ്ഡിച്ചു പറയത്തക്ക തെളിവുകളില്ല. അവയിൽ പ്രധാനപ്പെട്ടവ:*

1) ഈ ഭൂമിയിലെ നിവാസികളായിരുന്ന മറ്റൊരു സമുദായത്തിന്റെ പിൻഗാമികളായിട്ടാണ് മനുഷ്യവർഗത്തെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. അതാണ് 'ഖിലാഫത്തി'ന്റെ ഉദ്ദേശ്യം. ജിന്നു വർഗമായിരുന്നു ആ പൂർവ്വ സമുദായം. അവർ ഭൂമിയിൽ അക്രമവും കുഴപ്പവും ഉണ്ടാക്കിയതു നിമിത്തം അല്ലാഹു അവരെ നശിപ്പിക്കുകയോ, ആട്ടിയോടിക്കുകയോ ചെയ്തു.

2) അല്ലാഹുവിന്റെ വിധിവിലക്കുകൾക്കനുസരിച്ചു ഭൂമിയിൽ അവന്റെ സൃഷ്ടികൾക്കിടയിൽ വിധിയും നീതിയും നടത്തുവാൻ വേണ്ടി അല്ലാഹു നിശ്ചയിച്ച ഖലീഫഃയാണ് -അവന്റെ പ്രതിനിധിയാണ്- ആദമും (അ) അദ്ദേഹത്തിന്റെ സന്തതികളിൽ അദ്ദേഹത്തെപ്പോലെ നീതിയും സത്യവും പാലിച്ചു പോരുന്ന നല്ല ആളുകളും.

3) ഒരു തലമുറയുടെ ശേഷം മറ്റൊരു തലമുറയായി ഭൂമിയിൽ മാറിമാറി വന്നുകൊണ്ടിരിക്കുന്ന സമുദായങ്ങളായിട്ടാണ് മനുഷ്യരെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. ഇതാണ് ഖിലാഫത്ത് കൊണ്ടുദ്ദേശ്യം.

*ഈ മൂന്നാമത്തെ അഭിപ്രായമാണ് ക്വുർആന്റെ വാക്യങ്ങളോട് കൂടുതൽ യോജിച്ചതായി കാണുന്നത്. അതുകൊണ്ടാണ് ഇബ്നു ജരീർ, ഇബ്നു കഥീർ (റ) മുതലായ പ്രമുഖ ക്വുർആൻ വ്യാഖ്യാതാക്കൾ ഇതിനു മുൻഗണന നൽകിയിരിക്കുന്നതും.*

*[കൂടുതൽ അറിയാൻ ഈ ആയത്തിന് അമാനി മൗലവിയുടെ തഫ്സീറിൽ നൽകിയ വിവരണം വായിക്കുക.]*

## Ⅱ. മലക്കുകളുടെ പ്രതികരണം:-

وَإِذْ قَالَ رَبُّكَ لِلْمَلَائِكَةِ إِنِّي جَاعِلٌ فِي الْأَرْضِ خَلِيفَةً قَالُوا أَتَجْعَلُ فِيهَا مَن يُفْسِدُ فِيهَا وَيَسْفِكُ الدِّمَاءَ وَنَحْنُ نُسَبِّحُ بِحَمْدِكَ وَنُقَدِّسُ لَكَ قَالَ إِنِّي أَعْلَمُ مَا لَا تَعْلَمُونَ (ഖുർആൻ 2:30)

- "എന്തിനാണ് കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെ ഉണ്ടാക്കുന്നത്?" എന്ന് മലക്കുകൾ ചോദിക്കുന്നു.

- **മനുഷ്യരുടെ സ്വഭാവം മലക്കുകൾ എങ്ങനെ അറിഞ്ഞു? - അതിന്റെ ചില സാധ്യതകൾ:**
    1) **പൂർവ്വ സമുദായമായി ജിന്നുകൾ ഉണ്ടായിരുന്നു. അവരെ പോലെയായിരിക്കും മനുഷ്യരും എന്ന് അവർ ഊഹിച്ചു.**
    2) **മനുഷ്യരുടെ പ്രകൃതം അല്ലാഹു തന്നെ മലക്കുകളെ അറിയിച്ചതാകാം.**

*#ഇവ രണ്ടും കേവല സാധ്യതകൾ മാത്രമാണ്. സ്ഥിരീകരിക്കാൻ സാധ്യമല്ല.*

- **മലക്കുകളുടെ പ്രകൃതം:- അല്ലാഹു എന്ത് കൽപിച്ചാലും അനുസരിക്കുന്നവരാണ്. അല്ലാഹുവിന് ആരാധന ചെയ്ത് മാത്രം ജീവിക്കുന്നവരാണ്. അല്ലാഹുവിന്റെ കൽപ്പനകളോട് മറുത്തൊന്നും പറയുകയില്ല.**
- **ഇവിടുത്തെ ചോദ്യം ആത്മാർഥമായും ജിജ്ഞാസയോടെയുമുള്ളതാണ്. ആ സൃഷ്ടിയിലടങ്ങിയ യുക്തിരഹസ്യമെന്താണെന്നുള്ള ഒരന്വേഷണമാണ് ഈ ചോദ്യം.**

- **അല്ലാഹുവിന്റെ പ്രതികരണം:-** قَالَ إِنِّي أَعْلَمُ مَا لَا تَعْلَمُونَ

**'നിങ്ങൾക്ക് അറിയാത്തത് തീർച്ചയായും ഞാൻ അറിയുന്നു'.**

നിങ്ങൾ പറഞ്ഞ ചില ദോഷവശങ്ങൾ മനുഷ്യരിൽ ഉണ്ടാവാമെങ്കിലും, അതിൽ ഉപരിയായ പല നൻമകളും ഗുണങ്ങളും അവരിൽ നിന്നുണ്ടാവാനുണ്ട്, നിങ്ങൾക്ക് വിഭാവനം ചെയ്യാൻ കഴിയാത്ത പല രഹസ്യങ്ങളും അതിലടങ്ങിയിട്ടുണ്ട്.

## III. സൃഷ്ടിപ്പ് :-

خَلَقَ ٱلْإِنسَـٰنَ مِن صَلْصَـٰلٍ كَٱلْفَخَّارِ

**"കലം പോലെ മുട്ടിയാൽ മുഴക്കമുണ്ടാകുന്ന (ഉണങ്ങിയ) കളിമണ്ണിൽ നിന്ന് മനുഷ്യനെ അവൻ സൃഷ്ടിച്ചു."** (വിശുദ്ധ ഖുർആൻ - 55:14)

- **ആദം (അ) നെ അല്ലാഹു ഭൂമിയിലെ എല്ലാ ഭാഗത്ത് നിന്നുമുള്ള മണ്ണ് കൊണ്ടാണ് സൃഷ്ടിച്ചത്. അത് കൊണ്ടാണ് മനുഷ്യർ വ്യത്യസ്ത നിറങ്ങളിലായത് എന്ന് ഒരു ഹദീസിൽ കാണാം.** *(ജാമിഉത്തിർമിദി 2955)*
- **ആദമിനെ മണ്ണിൽ നിന്നുണ്ടാക്കി "كُنْ" (ഉണ്ടാകൂ) എന്ന് പറഞ്ഞു. അപ്പോൾ ആദം ഉണ്ടായി - (ഖുർആൻ: 3: 59)**
- **ആദമിന്റെ ഉയരം: 60 മുഴം (about 30 meters) -** *(സ്വഹീഹുൽ ബുഖാരി : 6227)*

## IV. സൃഷ്ടിപ്പിന് ശേഷം:-

وَعَلَّمَ آدَمَ الْأَسْمَاءَ كُلَّهَا ثُمَّ عَرَضَهُمْ عَلَى الْمَلَائِكَةِ فَقَالَ أَنبِئُونِي بِأَسْمَاءِ هَٰؤُلَاءِ إِن كُنتُمْ صَادِقِينَ

"അവൻ (അല്ലാഹു) ആദമിന് നാമങ്ങളെല്ലാം പഠിപ്പിച്ചു. *(വിശുദ്ധ ഖുർആൻ - 2: 31)*

❖ **ഏറെ സവിശേഷമായ കഴിവ്.**

**ഏതൊരു കാര്യത്തെപ്പറ്റിയും പഠിക്കണമെങ്കിൽ അവയുടെ പേരിന് വലിയ സ്ഥാനമുണ്ട്. പേരുകൾ മുഖേനയാണല്ലോ വസ്തുക്കളെ പരിചയപ്പെടുന്നത്.**

- Binomial Nomenclature എന്ന ജീവജാലങ്ങൾക്ക് പേരിടാനുള്ള ശാസ്ത്രീയ രൂപം തന്നെ മനുഷ്യർ വികസിപ്പിച്ചിട്ടുണ്ട്.

  ഉദാ : Homo Sapiens, Mangifera Indica

**എന്തെല്ലാമായിരുന്നു, എപ്രകാരമായിരുന്നു ആദം നബി (അ)ക്ക് പഠിപ്പിച്ചത് എന്നൊന്നും നമുക്കറിയില്ല. അതെല്ലാം നമ്മെ സംബന്ധിച്ചേടത്തോളം അദൃശ്യമായ വിവരങ്ങളായത് കൊണ്ട് അല്ലാഹുവോ അവന്റെ റസൂലോ പറഞ്ഞതിനപ്പുറം വല്ലതും അനുമാനിക്കുവാനും നമുക്ക് നിവൃത്തിയില്ല.**

❖ **മലക്കുകളോട് അല്ലാഹുവിന്റെ കൽപന :-**

ثُمَّ عَرَضَهُمْ عَلَى الْمَلَائِكَةِ فَقَالَ أَنبِئُونِي بِأَسْمَاءِ هَٰؤُلَاءِ إِن كُنتُمْ صَادِقِينَ

...പിന്നീട് ആ പേരിട്ടവയെ അവൻ മലക്കുകൾക്ക് കാണിച്ചു. എന്നിട്ടവൻ ആജ്ഞാപിച്ചു: നിങ്ങൾ സത്യവാൻമാരാണെങ്കിൽ ഇവയുടെ നാമങ്ങൾ എനിക്ക് പറഞ്ഞുതരൂ."

❖ **അപ്പോൾ മലക്കുകളുടെ പ്രതികരണം:-**

قَالُوا سُبْحَانَكَ لَا عِلْمَ لَنَا إِلَّا مَا عَلَّمْتَنَا ۖ إِنَّكَ أَنتَ الْعَلِيمُ الْحَكِيمُ

"അവർ പറഞ്ഞു: നിനക്ക് സ്തോത്രം. നീ പഠിപ്പിച്ചുതന്നതല്ലാത്ത യാതൊരു അറിവും ഞങ്ങൾക്കില്ല. നീ തന്നെയാണ് സർവ്വജ്ഞനും അഗാധജ്ഞാനിയും."

- **അല്ലാഹു പഠിപ്പിച്ചതല്ലാതെ ഒന്നും നമുക്കറിയില്ല - ഈ യാഥാർത്ഥ്യം മനുഷ്യർക്കും ബാധകം.**

- ❖ **അല്ലാഹുവിന്റെ നിർദേശ പ്രകാരം ആദം (അ) ആ നാമങ്ങൾ പറഞ്ഞുകൊടുക്കുന്നു.**

## V. മലക്കുകളോടുള്ള അടുത്ത കൽപ്പന:-

وَإِذْ قُلْنَا لِلْمَلَائِكَةِ اسْجُدُوا لِآدَمَ فَسَجَدُوا إِلَّا إِبْلِيسَ أَبَىٰ وَاسْتَكْبَرَ وَكَانَ مِنَ الْكَافِرِينَ

**“ആദമിനെ നിങ്ങൾ പ്രണമിക്കുക എന്ന് നാം മലക്കുകളോട് പറഞ്ഞ സന്ദർഭം (ശ്രദ്ധിക്കുക) . അവർ പ്രണമിച്ചു; ഇബ്‌ലീസ് ഒഴികെ. അവൻ വിസമ്മതം പ്രകടിപ്പിക്കുകയും അഹംഭാവം നടിക്കുകയും ചെയ്തു. അവൻ സത്യനിഷേധികളിൽ പെട്ടവനായിരിക്കുന്നു.”**

- **ബഹുമാനവും താഴ്മയും കാണിക്കുക, കീഴൊതുക്കം പ്രകടിപ്പിക്കുക, തലകുനിക്കുക, കുനിയുക എന്നിങ്ങനെയുള്ള അർത്ഥങ്ങളാണ് ഭാഷയിൽ سُجود (സുജൂദി)നുള്ളത്.**
- **അതുകൊണ്ട്, ആദം നബി (അ)ക്ക് മലക്കുകൾ ചെയ്ത സുജൂദിന്റെ വിവരണത്തിൽ പണ്ഡിതന്മാർക്ക് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്.**
- ❖ **ഏതായാലും, നമ്മൾ നമസ്കാരത്തിൽ ചെയ്യുന്ന ആരാധന എന്ന അർത്ഥത്തിലുള്ള സുജൂദല്ല മലക്കുകൾ ആദം നബിക്ക് ചെയ്തത്. ആരാധന എന്ന അർത്ഥത്തിലുള്ള സുജൂദ് അല്ലാഹുവിന് മാത്രമേ ചെയ്യാൻ പാടുള്ളൂ.**

***[മലക്കുകൾ, ജിന്ന്, ഇബ്‌ലീസ് തുടങ്ങിയവയുമായി ബന്ധപ്പെട്ട സംശയങ്ങൾ CRE വെബ്സൈറ്റിലെ FEEDBACKS സെക്ഷനിലൂടെ CRE വിങ്ങിനെ അറിയിക്കുക. പ്രസക്തമായവ അടുത്ത മാസത്തിലെ "മലക്കുകളിലുള്ള വിശ്വാസം" എന്ന പാഠഭാഗത്ത് ഉൾപ്പെടുത്തുന്നതാണ്, ഇൻ ശാ അല്ലാഹ്. സമയ പരിമിതി കാരണം അത്തരം വിശദീകരണങ്ങൾ ഈ സെഷനിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.]***

## VI. ഇണയുടെ സൃഷ്ടിപ്പ്:-

خَلَقَكُم مِّن نَّفْسٍ وَاحِدَةٍ ثُمَّ جَعَلَ مِنْهَا زَوْجَهَا

**“ഒരൊറ്റ അസ്തിത്വത്തിൽ നിന്ന് അവൻ നിങ്ങളെ സൃഷ്ടിച്ചു. പിന്നീട് അതിൽ നിന്ന് അതിന്റെ ഇണയെയും അവൻ ഉണ്ടാക്കി....”**

- **ആദ്യം ആദമിനെ സൃഷ്ടിച്ചു – പിന്നെ ഹവ്വയെ സൃഷ്ടിച്ചു.**
- **ഹവ്വയെ സൃഷ്ടിച്ചത് ആദമിന്റെ വാരിയെല്ലിൽ നിന്ന്.**

**Reference:**

واسْتَوْصُوا بالنِّساءِ خَيْرًا فإنَّهُنَّ خُلِقْنَ مِنْ ضِلَعٍ، وإنَّ أعْوَجَ شَيْءٍ فِي الضِّلَعِ أعْلاهُ فإنْ ذَهَبْتَ تُقِيمُهُ كَسَرْتَهُ، وإنْ تَرَكْتَهُ لَمْ يَزَلْ أعْوَجَ، فاسْتَوْصُوا بالنِّساءِ خَيْرًا – متفق عليه

## VII. ആദമിനോടും ഹവ്വയോടും അല്ലാഹുവിന്റെ കൽപ്പന:-

وَقُلْنَا يَا آدَمُ اسْكُنْ أَنْتَ وَزَوْجُكَ الْجَنَّةَ وَكُلَا مِنْهَا رَغَدًا حَيْثُ شِئْتُمَا وَلَا تَقْرَبَا هَٰذِهِ الشَّجَرَةَ فَتَكُونَا مِنَ الظَّالِمِينَ ﴿٣٥﴾

**"ആദമേ, നീയും നിന്റെ ഇണയും സ്വർഗത്തിൽ താമസിക്കുകയും അതിൽ നിങ്ങൾ ഇച്ഛിക്കുന്നിടത്തു നിന്ന് സുഭിക്ഷമായി ഇരുവരും ഭക്ഷിച്ചുകൊള്ളുകയും ചെയ്യുക. എന്നാൽ ഈ വൃക്ഷത്തെ നിങ്ങൾ സമീപിച്ചുപോകരുത്. എങ്കിൽ നിങ്ങൾ ഇരുവരും അതിക്രമകാരികളായിത്തീരും എന്നു നാം ആജ്ഞാപിച്ചു."** *(വിശുദ്ധ ഖുർആൻ 2: 35)*

- **സ്വർഗ്ഗത്തിലെ എന്തും കഴിച്ചോളൂ - പക്ഷേ, വിലക്കപ്പെട്ട കനി മാത്രം ഭക്ഷിക്കരുത്**

**ചിന്താവിഷയം: 'മനുഷ്യന് അല്ലാഹു നൽകിയ ആദ്യ പരീക്ഷണം – ഭക്ഷണത്തിന്റെ വിഷയത്തിൽ'**

## VIII. ഇബ്‌ലീസിന്റെ പ്രലോഭനം:-

**അവന്റെ മോഹന വാഗ്ദാനങ്ങൾ:**

فَوَسْوَسَ إِلَيْهِ الشَّيْطَانُ قَالَ يَا آدَمُ هَلْ أَدُلُّكَ عَلَىٰ شَجَرَةِ الْخُلْدِ وَمُلْكٍ لَا يَبْلَىٰ ﴿١٢٠﴾

"അപ്പോൾ പിശാച് അദ്ദേഹത്തിന് ദുർബോധനം നൽകി: ആദമേ, അനശ്വരത നൽകുന്ന ഒരു വൃക്ഷത്തെപ്പറ്റിയും, ക്ഷയിച്ച് പോകാത്ത ആധിപത്യത്തെപ്പറ്റിയും ഞാൻ നിനക്ക് അറിയിച്ച് തരട്ടെയോ?" *(വിശുദ്ധ ഖുർആൻ 20: 120)*

**1) നിത്യജീവിതം 2) അധികാരം**

**ചിന്താവിഷയം: ഇബ്‌ലീസിന്റെ പ്രലോഭന രീതികൾ**

## IX. നഗ്നത വെളിപ്പെടൽ:-

فَأَكَلَا مِنْهَا فَبَدَتْ لَهُمَا سَوْآتُهُمَا وَطَفِقَا يَخْصِفَانِ عَلَيْهِمَا مِن وَرَقِ الْجَنَّةِ ۚ وَعَصَىٰ آدَمُ رَبَّهُ فَغَوَىٰ ١٢١

*(വിശുദ്ധ ഖുർആൻ 20: 121)*

"അങ്ങനെ അവർ (ആദമും ഭാര്യയും) ആ വൃക്ഷത്തിൽ നിന്ന് ഭക്ഷിച്ചു. അപ്പോൾ അവർ ഇരുവർക്കും തങ്ങളുടെ ഗുഹ്യഭാഗങ്ങൾ വെളിപ്പെടുകയും, സ്വർഗത്തിലെ ഇലകൾ കൂട്ടിചേർത്ത് തങ്ങളുടെ ദേഹം അവർ പൊതിയാൻ തുടങ്ങുകയും ചെയ്തു. ആദം തന്റെ രക്ഷിതാവിനോട് അനുസരണക്കേട് കാണിക്കുകയും, അങ്ങനെ പിഴച്ച് പോവുകയും ചെയ്തു."

**തെറ്റ് ചെയ്തപ്പോൾ - നഗ്നത വെളിപ്പെട്ടു - ലജ്ജയുണ്ടായി - സ്വർഗ്ഗത്തിലെ ഇലകൾ കൊണ്ട് വസ്ത്രം**

**ചിന്താവിഷയം:- ഇപ്പോഴും തിന്മകൾ ചെയ്താൽ സത്യവിശ്വാസിക്ക് - നഗ്നത വെളിപ്പെടുന്നത് പോലെ - ലജ്ജയുണ്ടാകുന്ന രീതി**

## X. ആദ്യത്തെ പശ്ചാത്താപം:-

**സ്വർഗ്ഗത്തിൽ നിന്ന് പുറത്താക്കപ്പെടുന്നു. – ഭൂമിയിലേക്കുളള ഇറക്കം.**

فَتَلَقَّىٰ آدَمُ مِن رَّبِّهِ كَلِمَاتٍ فَتَابَ عَلَيْهِ ۚ إِنَّهُ هُوَ التَّوَّابُ الرَّحِيمُ ٣٧

"അനന്തരം ആദം തന്റെരക്ഷിതാവിങ്കൽ നിന്ന് ചില വചനങ്ങൾ സ്വീകരിച്ചു. (ആ വചനങ്ങൾ മുഖേന പശ്ചാത്തപിച്ച) ആദമിന് അല്ലാഹു പാപമോചനം നൽകി. അവൻ പശ്ചാത്താപം ഏറെ സ്വീകരിക്കുന്നവനും കരുണാനിധിയുമത്രെ."

*(വിശുദ്ധ ഖുർആൻ 2: 37)*

**പശ്ചാത്താപം പഠിപ്പിച്ചതും ﷲ . ആ വചനങ്ങൾ ഖുർആൻ തന്നെ പറയുന്നുണ്ട്:**

قَالَا رَبَّنَا ظَلَمْنَا أَنْفُسَنَا وَإِنْ لَمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ الْخَاسِرِينَ ٢٣

**“അവർ രണ്ടുപേരും പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും, കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും.”**

**ചിന്താവിഷയം: ഏത് عِبَادَة ആയാലും ﷲ പഠിപ്പിച്ച രൂപത്തിലാകണം**

## XI. ഭൂമിയിലേക്ക് പറഞ്ഞയക്കുമ്പോഴുള്ള സന്ദേശം

قُلْنَا اهْبِطُوا مِنْهَا جَمِيعًا ۖ فَإِمَّا يَأْتِيَنَّكُمْ مِنِّي هُدًى فَمَنْ تَبِعَ هُدَايَ فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ٣٨

**“നാം പറഞ്ഞു: നിങ്ങളെല്ലാവരും അവിടെ നിന്ന് ഇറങ്ങിപ്പോകുക. എന്നിട്ട് എന്റെപക്കൽ നിന്നുള്ള മാർഗദർശനം നിങ്ങൾക്ക് വന്നെത്തുമ്പോൾ എന്റെ ആ മാർഗദർശനം പിൻപറ്റുന്നവരാരോ അവർക്ക് ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല.”** *(ഖുർആൻ 2:38)*

- **അല്ലാഹുവിന്റെ മാർഗ്ഗദർശനം അനുസരിച്ച് ജീവിക്കുന്നതിന്റെ പ്രാധാന്യം - അവർക്കുള്ള സന്തോഷവാർത്ത**

**ചിന്താവിഷയം: നമ്മൾ യഥാർത്ഥത്തിൽ ആ മാർഗ്ഗദർശനത്തെ പിൻപറ്റുന്നുണ്ടോ?**

## Segment 4
“Learn A Dua”

Objectives:

1. പ്രാർത്ഥനകൾ അർഥ സഹിതം പഠിക്കുകയും ജീവിതത്തിൽ പകർത്തുകയും ചെയ്യൽ.

### <u>ഉറക്കിൽ നിന്ന് ഉണരുമ്പോഴുള്ള പ്രാർത്ഥന</u>

الْحَمْدُ لِلَّهِ الَّذِي أَحْيَانَا بَعْدَ مَا أَمَاتَنَا، وَإِلَيْهِ النُّشُورُ

**നമ്മെ മരിപ്പിച്ചതിനു ശേഷം ജീവിപ്പിച്ച അല്ലാഹുവിനാണ് എല്ലാ സ്തുതിയും നന്ദിയും. അവനിലേക്ക് തന്നെയാണ് (നാം) ഉയർത്തെഴുന്നേറ്റ് ചെല്ലുന്നതും!**

البخاري : ٦٣١٢، مسلم: ٢٧١١

## Segment 5

QURANIC CHAPTERS

**കഴിഞ്ഞ സെഷനുകളിൽ പഠിച്ച ആദ്യ 10 സൂറത്തുകൾ ഓർമയുണ്ടോ?**

**11.** هود **- ഹൂദ്**

**12.** يوسف **- യൂസുഫ്**

**13.** الرعد **- അർറഅ്ദ്** **: ഇടിനാദം**

**14.** ابراهيم **- ഇബ്റാഹീം**

**15.** الحجر **- അൽ ഹിജ്ർ** **:** ***സ്വാലിഹ് നബി*** (عليه الصلاة والسلام) ***യുടെ രാജ്യം***

**ആദ്യ 15 സൂറത്തുകൾ 1 മുതൽ 15 വരെയും 15 മുതൽ 1 വരെയും നമ്പർ, അർഥം സഹിതം തെറ്റാതെ പറയാൻ കഴിയുമോ?**

---

Renai TV

## WEEKLY TASK

---

### 🌱 Plant a Tree

**Take a moment to connect with nature. Plant a seedling in your yard, garden, or neighborhood and watch it grow — just like your faith and values.**

അനസ് ബിൻ മാലിക് (റ) നിവേദനം. നബി (സ്വ) പറഞ്ഞു :

مَا مِنْ مُسْلِمٍ يَغْرِسُ غَرْسًا، أَوْ يَزْرَعُ زَرْعًا، فَيَأْكُلُ مِنْهُ طَيْرٌ أَوْ إِنْسَانٌ أَوْ بَهِيمَةٌ، إِلاَّ كَانَ لَهُ بِهِ صَدَقَةٌ

**"ഒരു മുസ്‌ലിം ഒരു ചെടി നട്ടാൽ, അല്ലെങ്കിൽ വിത്ത് വിതച്ചാൽ, അതിൽനിന്ന് ഒരു പക്ഷിയോ മനുഷ്യനോ മൃഗമോ ഭക്ഷിക്കുകയാണെങ്കിൽ, അതിന്റെ ഓരോ ഭാഗവും അവന് സ്വദഖയായി എഴുതപ്പെടും."**

*— (ബുഖാരി & മുസ്‌ലിം)*

---

സ്നേഹ സംവാദം

## ASSIGNMENT

---

**താഴെ നൽകുന്ന ഇസ്‌ലാം വിമർശനത്തിന് സ്നേഹ സംവാദം വെബ്സിനിൽ നൽകിയ മറുപടി പരിശോധിച്ച്, പോയന്റുകൾ/ ആശയ സംഗ്രഹം നോട്ടിൽ രേഖപ്പെടുത്തുക.**

**എഴുതിയ ഭാഗം ഫോട്ടോ എടുത്ത് മെന്റർക്ക് അയക്കുക / ഗ്രൂപ്പിൽ പങ്കുവെക്കുക.**

**QUESTION : മതം ഇല്ലെങ്കിലും മനുഷ്യർക്ക് മനുഷ്യരായി ജീവിച്ചു കൂടെ?**

**LINK FOR ANSWER :** 👇

[മതം ഇല്ലെങ്കിലും മനുഷ്യർക്ക് മനുഷ്യരായി ജീവിച്ചു കൂടെ? – Sneha Samvadam]

**വിഷയവുമായി ബന്ധപ്പെട്ട വീഡിയോ :** 👇

**മനുഷ്യർക്കെന്തിന് മതം? Question & Answer by MM Akbar | Latest Speech**